താലൂക്ക് ആശുപത്രികളിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ നടപടി

63 [100] ശ്രീ. പി. സി. തോമസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം താലൂക്കാശുപത്രികളിൽ ലഭിക്കുന്നതിനുള്ള ഏർപ്പാട് ഇന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതോടൊപ്പം അവർ ശരിയായ രീതിയിൽ സേവനം നടത്തുന്നതിനുള്ള സൗകര്യം ഈ ആശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) നിരവധി വിദഗ്ദ്ധ ഡോക്ടർമാരുള്ള തിരുവല്ലാ ഗവൺമെൻറ് ആശുപത്രിയിൽ ആവശ്യമുള്ളത്ര കിടക്കകളോ അപകട മുന്നറിയിപ്പില്ലാത്ത കെട്ടിടങ്ങളോ ഓപ്പറേഷൻ തീയേറ്ററോ ഇല്ല എന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ദുഃസ്ഥിതി പരിഹരിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സാമ്പത്തിക ശേഷിയനുസരിച്ചു കൂടുതൽ സൗകര്യങ്ങൾ താലൂക്കാശുപത്രികളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) ഈ ആശുപത്രിയിൽ ഇപ്പോൾ 114 കിടക്കകളാണുള്ളത്. പുതുതായി ഒരു ടി. ബി. സീൽ വാർഡ് പണിയുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾ പഴക്കം ചെന്നവയാണെങ്കിലും അപകടകരമല്ല.

(ഡി) സാമ്പത്തികശേഷിക്കനുസരണമായി ഇവിടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പോരുവഴി, പെരുവിരുത്തി മലനട വക ഡിസ്പെൻസറി

64 [101] ശ്രീ. കല്ലട നാരായണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവും വിദ്യുച്ഛക്തിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പോരുവഴി, പെരുവിരുത്തി മലനട വക ഡിസ്പെൻസറി കെട്ടിടവും സ്ഥലവും ഗവൺമെൻറിനു വിട്ടുതന്നിട്ടും അവിടെ പ്രവർത്തനങ്ങൾ തുടങ്ങാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ ഡിസ്പെൻസറിയുടെ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്ഥലവും കെട്ടിടവും ഗവൺമെൻറിന് വിട്ടുകിട്ടിയിട്ടില്ല. അതിനാൽ ഡിസ്പെൻസറിയുടെ പ്രവർത്തനം തുടങ്ങാൻ സാദ്ധ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly